**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6626** **11-11-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളുടെ റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ ദേശീയ, അന്തർദേശീയ റാങ്കിംഗ് എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർവ്വകലാശാലകൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് ലോകനിലവാരം പുലർത്താനാവുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ 2021 ലെ എൻ.ഐ.ആർ.എഫ് ദേശീയ റാങ്കിംഗ് ചുവടെ ചേർക്കുന്നു. 1. കേരള സർവ്വകലാശാല - 27 2. മഹാത്മാഗാന്ധി സർവ്വകലാശാല - 31 3. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി - 44 4. കാലിക്കറ്റ് സർവ്വകലാശാല – 60 മഹാത്മാഗാന്ധി സർവ്വകലാശാല നേടിയിട്ടുള്ള മറ്റു റാങ്കിംഗുകൾ : 1. NIRF – 2021 – സർവ്വകലാശാല വിഭാഗം - 31, ഓവറോൾ വിഭാഗം - 52 2. അടൽ റാങ്കിംഗ് (ARIIA) – 2020 – ബാൻഡ് A (റാങ്ക് 6 നും 25 നും ഇടയിൽ) 3. കേരള ചാൻസലേഴ്സ് അവാർഡ് - 2020 – 1 (കൊച്ചിൻ യൂണിവേഴ്സിറ്റിയുമായി പങ്കിട്ടു 4. The World University Ranking – 2022 - 15 (among Indian Universities) 702 (in the world) 5. The Young University Ranking – 2021 – 142 6. The Asia University Ranking – 2021 – 154 7. Time Emerging Economics University Ranking – 2022 – 101 കണ്ണൂർ സർവ്വകലാശാലയ്ക്ക് 2016 ലെ NAAC Cycle I അക്രെഡിറ്റേഷനിൽ 'B' ഗ്രേഡ് ആണ് ലഭിച്ചിട്ടുണ്ടായിരുന്നത്. 2021 ലെ Cycle II അക്രെഡിറ്റേഷനിൽ ഗ്രേഡ് 'B++' ആയി ഉയർന്നിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയുടെ ഗുണ നിലവാരം ഉയർത്തുന്നതിന് വേണ്ടി സർവ്വകലാശാലയിലെ Internal Quality Assurance Cell (IQAC) ന്റെ ആഭിമുഖ്യത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സ്ഥാനം NIRF റാങ്കിംഗിൽ 62 ൽ നിന്ന് 44 ലേയ്ക്ക് ഉയർന്നിട്ടുണ്ട്. കൂടാതെ NAAC 'A' അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് ലഭിച്ച ചാൻസലേഴ്സ് അവാർഡ് 2016-17 ന്റെ ഭാഗമായി ചാൻസലേഴ്സ് ചെയർ എന്ന പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതനുസരിച്ച്, ലോക റാങ്കിംഗിൽ ഉന്നത നിലവാരം പുലർത്തുന്ന ശാസ്ത്രജ്ഞരും അധ്യാപകരും സർവ്വകലാശാലയിൽ അധ്യാപനം നടത്തിവരുന്നു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല NAAC റീ അക്രഡിറ്റേഷനിൽ A+ ഗ്രേയ്ഡും NIRF 2021 റാങ്കിംഗിൽ 151-200 റാങ്ക് ബാന്റിലും ഉൾപ്പെട്ടിട്ടുണ്ട്. Top Law Colleges in India – NIRF Rankings 2021 ൽ നുവാൽസിനു 26-ാം റാങ്ക് ഉണ്ട്. |
| (ബി) | ഏതെങ്കിലും സ്വകാര്യ, വിദേശ സർവ്വകലാശാലകൾ സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലകളിലേക്ക് കടന്നുവരാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | വിദേശ സർവ്വകലാശാലകളുമായി ചേർന്ന് ഉന്നത പഠനം സാധ്യമാക്കുന്നത് ലക്ഷ്യമിട്ടുള്ള twinning and collaboration പ്രോഗ്രാം സംബന്ധിച്ചുള്ള റെഗുലേഷനുകൾക്ക് സാങ്കേതിക സർവ്വകലാശാല അന്തിമ രൂപം നൽകി കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ